[MR. Trivikramar Vasudevar.]

MR. R. DHANUKOTI PILLAI; I have applied for extension of time and I have to obtain sanction for the same.

PRESIDENT: That is a different matter.

MR. TARIATU KUNJITOMMAN: എന്റെ പ്രമേയം—

PRESIDENT: Are you speaking on Mr. Velu Pillai's motion?

MR. TARIATU KUNJITOMMAN: കുടികളുടെ പുരയിടങ്ങളിൽ വളരുന്ന തേക്കു മുതലായ വൃക്ഷങ്ങളിന്മേൽ കുടികൾക്ക് അവകാശം നൽകണമെന്നും മറ്റും വിവരിക്കുന്ന ഞാൻ ഹാജരാക്കീട്ടുള്ള പ്രമേയം, തേക്കുവൃക്ഷങ്ങളിന്മേൽ കുടികൾക്ക് അവകാശം നൽകാമോ എന്ന് അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിന് ഈയിടെ ഗവർണ്മെന്റിൽനിന്നും ഒരു കമ്മിറ്റി ഏർപ്പെടുത്തീട്ടുള്ളതിനാൽ, ആ കമ്മിറ്റിയുടെ റിപ്പോർട്ടുവരുന്നതുവരെ മാറ്റിവയ്ക്കണമെന്നു മിസ്റ്റർ ടി കെ. വേലുപ്പിള്ള ഇപ്പോൾ അഭിപ്രായപ്പെട്ടിട്ടുള്ളതിനോടു ഞാനും യോജിച്ച് അപ്രകാരം മാറ്റിവയ്ക്കുന്നതിനു അപേക്ഷിച്ചുകൊള്ളുന്നു.

PRESIDENT: The question is that the consideration of Mr. Kunjitomman's resolution "that this Council recommends to the Government that people be freely allowed to plant teak, blackwood, sandalwood, tobacco or other plants and trees and also to enjoy them fully, whether they are planted and cultivated, or grow themselves" be postponed.

The motion was put to the vote and carried.

RESOLUTION *re* ENCOURAGEMENT OF THE VERNACULAR.

PRESIDENT: The next resolution for discussion is the resolution of Mr. Trivikramar Vasudever. It runs as follows:

"That, with a view to give the vernacular its due place in public affairs, this Council recommends to the Government (i) that all Government publications in English should be accompanied by a translation in the vernacular also; (ii) that all correspondence should be carried on in the vernacular except with those who are ignorant of the language; and (iii) that liberty to speak in the vernacular at any public meeting should be given to all persons."

MR. TRIVIKRAMAR VASUDEVAR: ഈ പ്രമേയം അവതരിപ്പിക്കുന്നതോടുകൂടി എനിക്കു ചിലതു പ്രസ്താവിക്കുവാനുണ്ട്. ഓരോ മനുഷ്യനും ദേശാഭിമാനം ഒരു ഗുണമെന്നല്ല ആവശ്യമാണെന്നാണു പരിഷ്കൃതലോകം പരിഗണിക്കുന്നതു്. ദേശാഭിമാനം അന്യദേശത്തെ വെഷഭൂഷണാചാരങ്ങളിലും കലാവിദ്യകളിലും ഉള്ള അഭിമാനവുമാണു്. മനോഗതത്തെ അന്യഥാ ധരിപ്പിക്കാതെ ഇഹലോകത്തേക്കുവേണ്ടി യാ

LIBRARY ARCHIVES Kerala Legislative Assembly

തൊന്നും ചെയ്യാൻ കഴിവില്ല. അതിനുള്ള ഏകമാർഗ്ഗമായ ഭാഷയോടും പ്രാമാണ്യം മറെറാന്നിനും കല്പിച്ചുകൂട്ടുന്നതല്ല. അപ്പോൾ യാതൊരു ദേശാഭിമാനിയും ഭാഷാഭിമാനിയായിരിക്കാതെ തരമില്ല. ഭാഷാഭിമാനം ഒരു ജനവർഗ്ഗത്തിനില്ലെന്നു വരുന്നതിനെക്കാൾ ആജനവർഗ്ഗത്തിന്റെ പ്രത്യേകതയെ നശിപ്പിക്കുന്ന ഒരുദോഷമോ അതിനെ ഇല്ലാതാക്കുന്നതിനേക്കാൾ വലിയ ഒരുപാപമോ ഉണ്ടെന്നു തോന്നുന്നില്ല. ഈപരമതത്വം അരശതവർഷക്കാലത്തിനിപ്പുറം തിരുവിതാംകൂർ ഗവർൺമെൻറു സ്മരിക്കുകയോ, സ്മരിച്ചിട്ടുണ്ടെങ്കിൽ തദനുസരണംപ്രവർത്തിക്കുകയോ, ചെയ്തിട്ടില്ലെന്ന് അത്യന്തസങ്കടത്തോടുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ലോകത്തിൽ സകലത്തിനും ഓരോ സ്ഥാനമുണ്ട്. ഒന്നിന് അതിന്റെ സ്ഥാനത്തിന് അവകാശമില്ലെന്നു വരികയാണെങ്കിൽ അതുണ്ടായിരുന്നാലുള്ള ഫലം ശൂന്യമോ അപ്രകൃതമോ ആണ്. അരക്കോടിയോളം വരുന്ന മലയാളികളായ തിരുവിതാംകോട്ടുകാർ അവരുടെ ആശയപ്രകടനത്തിന് ഏഴായിരം മൈൽ അകലെ സ്ഥിതി ചെയ്യുന്ന ഒരു ജനതയുടെ അതിഭിന്നരീതിയിലുള്ള ഭാഷയെ ഉപയോഗിക്കണമെന്നു പറയുന്നതു മനുഷ്യരുടെ വർഗ്ഗീയമായ സ്വാതന്ത്ര്യത്തേയും അഭിമാനത്തേയും നൈസർഗ്ഗികതയേയും ഹനിക്കുന്ന ഒരു ക്രൂരമായ അധികാരപ്രകടനമാണ്. ജിനീവായിലെ പ്രൈമറിവിദ്യാശാലകളിൽ അദ്ധ്യാപനം നടത്തേണ്ടതു കണ്ണാടകഭാഷയിൽ ആയിരിക്കണമെന്ന് ആ രാജ്യത്തിൽ ആരെങ്കിലും അഭിപ്രായപ്പെട്ടാൽ അതിനെ പൊതുജനങ്ങൾ എത്രത്തോളം അനുകൂലിക്കും?

നമ്മുടെ മാതൃഭാഷയ്ക്കുള്ള സ്ഥാനത്തെ ഗണിക്കാതെ ഒരു അന്യഭാഷയെ ആദരിക്കേണ്ട യോഗം മറു ഭാരതീയരുടെ കൂട്ടത്തിൽ മലയാളികൾക്കും വന്നുചേർന്നു. പ്രജാധിപത്യഭരണത്തിന്റെ തത്വം സകല പൊതുപ്രവൃത്തികളിലും കടന്നുകൂടുകയും അവയെ നിയന്ത്രിക്കയും ചെയ്യുന്ന ഈകാലത്തു ഒരു നാട്ടിലെ ഗവർൺമെൻറ് ആനാട്ടുകാരുടെ ഭാഷയിൽ നടപടി നടത്തണം എന്ന് ഒരുരാജ്യക്കാർ ആവശ്യപ്പെടുന്നു എന്നതു ലോകത്തിലെ മിക്ക രാജ്യക്കാർക്കും ആശ്ചര്യകരമായ സംഗതിയായിരിക്കും. ഈ രാജ്യം പരശുരാമന്റെ കാലം മുതലുള്ളതാണെന്നു ചരിത്രം പറയുന്നു. അദ്യകാലം മുതൽ അൻപതുവർഷത്തിനു മുമ്പു വരെ ഇവിടെ നടന്നിട്ടുള്ള സകലഭരണനടപടികളും ഏതുഭാഷയിൽ ആയിരുന്നോ ആ ഭാഷയിൽതന്നെ അതു തുടർന്നുകൊണ്ടു പോകയല്ലേ നമ്മുടെ ആവശ്യങ്ങളെ നിർവ്വഹിക്കുന്നതിന് ഉതകുന്നതു?

'ഇംഗ്ലീഷ് ഒരു കാലത്തും നാട്ടുകാരുടെ ഭാഷയായി തീരുന്നതല്ലെന്നു ദീർഘദർശികളായ പല പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

[MR. Trivikramar Vasudevar.]

ഗവർൺമെൻറ് ഉണ്ടായിരിക്കേണ്ടതു ജനങ്ങളുടെ ക്ഷേമത്തിനാവശ്യമാണെങ്കിൽ, ആ ഗവർൺമെൻറിൻെറപ്രവൃത്തികൾ ജനങ്ങൾഅറിയണമെങ്കിൽ, ആ ജനങ്ങളുടെഭാഷ ഗവർൺമെൻറിൻേറയുംഭാഷയായിരിക്കണം. തിരുവിതാംകോട്ടുകാരുടെ ക്ഷേമത്തിനായിട്ടുള്ള ഭരണകാര്യങ്ങൾ തിരുവിതാംകോട്ടുകാരുടെ ഭാഷയിലല്ലാതെ മറെറാരുഭാഷയിലും — ആ ഭാഷയുടെ സ്ഥാനം മറെറവിടെയെങ്കിലും എത്ര ഉന്നതമായിട്ടെങ്കിലും ഇരുന്നുകൊള്ളട്ടെ — പാടുള്ളതല്ല. നികുതി കൊടുക്കുന്ന പൌരന് ആ നികുതിയെ ഉപയോഗിക്കുന്ന വിധവും അതിനായി നടത്തുന്ന നടപടികളും അറിവാൻ ഒരു അന്യജനവർഗ്ഗത്തിൻെറ ഭാഷ പഠിക്കണം എന്നു പറയുന്നതിൽ, പരം കഷ്ടമായഒരേർപ്പാടുണ്ടോ? ഈ തത്വമനുസരിച്ചാണ് ഇവിടെ ദിവാനായിരുന്ന കണ്ണൽമൺറോ ക്രൂടി നാട്ടുഭാഷ പഠിച്ച് അവയിൽ എഴുത്തുകുത്തുകൾ നടത്തിയിരുന്നത് എന്നു മലയാളംറിക്കാർട്ടിനാൽ തെളിയുന്നു. അദ്ദേഹം യൂറോപ്യനായിരുന്നിട്ടും നാട്ടുകാരെ അനുകരിച്ചിരുന്നു. ഈയിടയുള്ള നാട്ടുകാർക്രൂടി യൂറോപ്യൻ രീതി അനുകരിക്കുന്നതു കഷ്ടംതന്നെ.

MR. K. P. RAMAN PILLAI: കണ്ണൽ മൺറോ രാജ്യഭരിച്ചിരുന്ന കാലത്തു തിരുവിതാംകൂറിൽ എത്ര ഇംഗ്ലീഷ് അറിയാവുന്നവർ ഉണ്ടായിരുന്നു എന്ന് മിസ്റ്റർ പോററി ദയവുചെയ്തു പറയുമോ?

MR. TRIVIKRAMAR VASUDEVAR: അക്കാലത്ത് ഇംഗ്ലീഷ പഠിച്ചിട്ടുള്ളവർ എത്രയുണ്ടെന്നു പറയുന്നതിനെക്കാളും ഒരുസായിപ്പ് മലയാളഭാഷ പഠിച്ച് ആ ഭാഷയിൽ എഴുത്തുകുത്തു ചെയ്തിരുന്നുഎന്ന് അറിഞ്ഞാൽ അന്നത്തെ ഗവർൺമെൻറും ജനങ്ങളും മലയാളഭാഷയോട് എങ്ങനെ അനുകമ്പ കാണിച്ചിരുന്നു എന്നു മനസ്സിലാക്കാം. അതിനായാണ് ഞാൻ ഉദ്ദേശിക്കുന്നതു്.

എന്തിനായിട്ടാണ് തിരുവിതാംകൂർ ഭരണാധികാരികൾ ഭരണീയരുടെ ഭാഷയുപേക്ഷിച്ച മറെറാരു ഭാഷയിൽ വ്യാപാരം നടത്തുന്നതു്? ബ്രിട്ടീഷുഗവർൺമെൻറിൻെറ മേല്ക്കോയ്മ സ്വീകരിച്ചിട്ടുള്ള ഈരാജ്യവും ആ ഗവർൺമെൻറുമായിട്ടുള്ള ഉടമ്പടിയിൽ ഇവിടത്തെഭരണകാര്യങ്ങളെല്ലാം ഇംഗ്ലീഷിൽ വേണമെന്നു് ആവശ്യപ്പെടുകയൊ സൂചിപ്പിക്കുകയൊപോലും ചെയ്തിട്ടില്ലല്ലോ. ബ്രിട്ടീഷ് ഇൻഡ്യയിലെ ഭരണസമ്പ്രദായത്തിൻെറ അന്ധമായ അനുകരണഭ്രമമാണ് ഈ നാട്ടുകാരിൽ കണ്ടിട്ടു

LIBRARY ARCHIVES Kerala Legislative Assembly

നൂറുക്കു ഒന്നരയാളുകൾക്കു മാത്രം ഇപ്പോൾ അറിയാമെന്നു പറഞ്ഞ ഭാഷയിൽ നടപടികൾ നടത്തുന്നതിനു തിരുവിതാംകൂർഗവർൺമെൻറിനെ പ്രേരിപ്പിച്ചിട്ടുള്ളതും പ്രേരിപ്പിക്കുന്നതും, ഈ രാജ്യത്തിലെ ഭരണഗതിയിൽ പ്രധാനപ്പെട്ട സംഗതികളല്ലാതെ ബ്രിട്ടിഷ്കോയ്മ ശ്രദ്ധിക്കയോ അറിവാൻ ആഗ്രഹിക്കയോ ചെയ്യുന്നില്ല. അതിനാൽ മേല്പോയ്മക്കു വേണ്ടി സംസ്ഥാനത്തിലെ ഭൂരിപക്ഷപൌരന്മാർക്കും യാതൊരു ഭരണവിവരവും അറിയാൻ നിവൃത്തിയില്ലാതാക്കുന്ന വിദേശഭാഷാസ്വീകരണം അവശ്യകരണീയമല്ല. ഇംഗ്ലീഷിൽ ഉൽകൃഷ്ടവിദ്യാഭ്യാസത്തിനു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കുന്നതിനു നാട്ടുകാരുടെ പണം ഉപയോഗിക്കുന്നതും അതുകൊണ്ടു അവർക്കു പ്രയോജനമുണ്ടാകുമെന്നുള്ള ധാരണയിന്മേലാണു്. എന്നാൽ ഇംഗ്ലീഷു വിദ്യാഭ്യാസം സിദ്ധിച്ചവരും ഭരണകാര്യങ്ങളിൽ ഔദ്യോഗികമായ യാതൊരു ചുമതലകളും വഹിക്കാത്തവരുമായ ജനപ്രതിനിധികൾ സ്വഭാഷയെ ഗളഹസ്തം ചെയ്തു കാണുന്നതു കഷ്ടം തന്നെ. ഈ ദുരവസ്ഥയെ പരിഹരിക്കുന്നതിനു് ഗവർൺമെൻറിൽ നിന്നു ഉടനടി വേണ്ട നടപടികൾ നടത്തിത്തുടങ്ങേണ്ടിയിരിക്കുന്നു.

PRESIDENT: This is different from your resolution. What you want is only that Government publications in English should be translated into Malayalam.

Mr. TRIVIKRAMAR VASUDEVAR: വ്യത്യാസം ഇല്ല. ഇംഗ്ലീഷിൻറേയും മലയാളത്തിൻറേയും താൽകാലികസ്ഥിതികളെ പറയുന്നു എന്നേയുള്ളൂ. ഇംഗ്ലീഷിൽ ഉള്ളതുപോലെ എല്ലാം മലയാളത്തിലും തർജ്ജിമ ചെയ്യണമെന്നതന്നെയാണു് എൻറെ അഭിപ്രായം.

ഈ രാജ്യത്തു പ്രജാസഭയും നിയമസഭയും സ്ഥാപിച്ചിട്ടുള്ളതു ഭരണകാര്യങ്ങളിൽ അവയെ പൊതുജനങ്ങളോടുകൂടി ഭാഗഭാക്കുകളാക്കുന്നതിനാണല്ലൊ. മലയാളികളായ നാട്ടുകാരെ അഭിസംബോധന ചെയ്തുകൊണ്ടു ശ്രീമൂലംപ്രജാസഭയിൽ അദ്ധ്യക്ഷൻചെയ്യാറുള്ള ഉപക്രമപ്രസംഗം ഇംഗ്ലീഷിലായി കാണുന്നു. ജനപ്രതിനിധികളിൽ ഭൂരിപക്ഷവും ഇംഗ്ലീഷറിവില്ലാത്തവരായിരിക്കെ അവരോടു് ഇംഗ്ലീഷിൽ സംസാരിക്കുന്ന ഈ രീതിക്കു് ഔചിത്യവും ആവശ്യവും ഉണ്ടോ? പ്രജാസഭയുടെ പ്രാരംഭപ്രസംഗം ബ്രിട്ടീഷു റസിഡൻറു കൂടി ഉള്ളതുകൊണ്ടു് അദ്ദേഹത്തിനുമനസ്സിലാകുന്നഭാഷയിൽ വേണമെന്നൊരഭിപ്രായം കേട്ടിട്ടുണ്ടു്. ആ ഒരു ഉദ്യോഗസ്ഥൻറെ സൌകര്യത്തെ കരുതി ഭൂരിപക്ഷം അംഗങ്ങളെ അവഗണിക്കുന്ന സമ്പ്രദായം അനുകരണീയമല്ല. മഹാനായ വി. പി. മാധവരായർ പ്രജാസഭയുടെ

LIBRARY ARCHIVES Kerala Legislative Assembly

[MR. Trivikramar Vasudevar.]

ആദ്യസമ്മേളനത്തിൽ തനിക്കു മലയാളം അറിഞ്ഞുകൂടെങ്കിലും പ്രസംഗം മുഴുവൻ മലയാളത്തിൽ വിവർത്തനംചെയ്തു വായിപ്പിച്ചിരുന്നു. അനന്തരം നടന്ന പ്രജാസഭയുടെ ഏതാനും സമ്മേളനങ്ങളിൽക്കൂടി ഈ സമ്പ്രദായം നടപ്പിലിരുന്നു. പിന്നീടു സമയലാഭം എന്ന കാരണം പറഞ്ഞു മലയാളത്തിൽ അച്ചടിച്ച പ്രസംഗം സഭാസ്യരുടെ ഇടയിൽ വിതരണം ചെയ്തയും സഭയിൽ വായിച്ചതായി ഗണിക്കണമെന്ന് അദ്ധ്യക്ഷൻ പ്രസ്താവിക്കയും ചെയ്തുവന്നു. ഇപ്പോൾ ആ പ്രസ്താവമേ ഇല്ല. പ്രജാസഭാപ്രതിനിധികൾക്കു രാജ്യഭരണറിപ്പോർട്ടിന്റെ ഒരു പ്രതി മുൻകൂട്ടി നൽകുന്ന നടപ്പുണ്ട്. ഇംഗ്ലീഷിലുള്ള റിപ്പോർട്ടിന്റെ ഒരു പ്രധാനഭാഗം മലയാളത്തിൽ ചേർക്കേണ്ടതില്ലെന്നാണു നിശ്ചയം എന്നതോന്നത്തക്കവണ്ണം റിപ്പോർട്ടിന്റെ രണ്ടാംഭാഗം മലയാളതർജ്ജിമയിൽ ചേർത്തുകാണാറില്ല. ഇതുപോലെ പല റിപ്പോർട്ടുകളിലും അനുബന്ധങ്ങൾ തർജ്ജിമ ചെയ്യുന്നില്ല. അദ്ധ്യക്ഷൻ പ്രജാസഭാംഗങ്ങളോടു ചെയ്യുന്ന പ്രസ്താവനകളും അവക്കു നല്കുന്ന മറുപടികളും ഗവർൺമെൻറു ഹെഡ്ടാൻസ്ലെറ്ററർതർജ്ജിമചെയ്യുന്ന പതിവുണ്ടായിരുന്നു. മിസ്റ്റർ തരിയതു കുഞ്ഞിത്തൊമ്മൻ എന്നോ മിസ്റ്റർ സി. പി, കൊച്ചുകുഞ്ഞുപിള്ള എന്നോ മറോ ചീഫ്സിക്രട്ടെറി മെമ്പർമാരുടെ പേരുവായിക്കുമ്പോൾ അതുതന്നെ മലയാളത്തിൽ തർജ്ജിമചെയ്ത് മിസ്റ്റർ തരിയതുകുഞ്ഞിത്തൊമ്മൻ, മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള എന്നു വായിക്കുന്ന ജോലിയാണ് ഹെഡ് ടാൻസ്ലേറ്റർ പ്രജാസഭയിൽ ഇപ്പോൾ ചെയ്യുകാണുന്നതു്. ഗവർൺമെൻറിനെ അനുകരിച്ചു ജനപ്രതിനിധികളും ഇംഗ്ലീഷിൽ പ്രസംഗിച്ചു തുടങ്ങുന്നു. അദ്ധ്യക്ഷനെ വിശദമായി കാര്യം മനസ്സിലാക്കാനാണെന്നു ഭാവിച്ചു ചെയ്യുന്നപ്രവൃത്തി പാണ്ഡിത്യമില്ലാത്തവരേയും ഇംഗ്ലീഷുപ്രസംഗത്തിൽ ഭ്രമിപ്പിക്കുന്നു. ചിലർ പറയുന്നതെന്തെന്ന് അവക്കു അദ്ധ്യക്ഷനൊ മനസ്സിലാവാതെ വരികയും മനസ്സിലാക്കിയെന്നും മനസ്സിലായെന്നും ഇരുകക്ഷികളും കൃതാർത്ഥത ഭാവിക്കയും ചെയ്യുന്നു. ഈ സഭയിലെ സാഹിത്യബന്ധുവായ ഒരു മാന്യൻ ചിലപ്പോൾ ഒരു കഥ പറയാറുണ്ട്. പാലുകുടിച്ചു കുട്ടിമരിച്ചു എന്ന് ഒരു കുരുടനോട് ആരോപറഞ്ഞു. അടുത്തുണ്ടായിരുന്ന ആളിനോടു പാൽ എങ്ങിനെയിരിക്കുമെന്ന് കുരുടൻ ചോദിച്ചു. വെളുത്തിരിക്കുമെന്ന് അയാൾ ഉത്തരം പറഞ്ഞു. വെളുപ്പ് എന്നാൽ എന്തെന്നുള്ള കുരുടന്റെ പ്രശ്നത്തിനു കൊക്കിനെപ്പോലെ എന്നു മറുപടികിട്ടി. കൊക്കെങ്ങനെയിരിക്കുമെന്നായി കുരുടൻ. അടുത്തിരുന്ന ആൾ കുരുടന്റെ കൈ കൊക്കിന്റെ ആകൃതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചു വളച്ചു കൊക്കിനെ മനസ്സിലാക്കികൊടുത്തു. കഷ്ടം! ഇതു കുഞ്ഞിന്റെ അകത്തുചെന്നാൽ പിന്നെമരിക്കാതിരിക്കുമോ എന്നു പ്രശ്നം പിച്ചു് കുരുടൻ ശാന്തനാവുകയുംചെയ്തു. ഈ കുരുടന്റെ സമാധാനമാണു പ്രജാസഭയിലെ ഭൂരിപക്ഷം ജനപ്രതിനിധികൾക്കും ഉണ്ടാകാറുള്ളതു്.

നിയമസഭയിലെ അനുഭവവും പ്രജാസഭയുടേതിൽ നിന്നു ഭിന്നമല്ല. ഇവിടെ ഇംഗ്ലീഷു അറിയാവുന്നവരെല്ലാം ആ ഭാഷയിൽ അഭിപ്രായപ്രകടനം ചെയ്യാൻ നിബ്ബന്ധിക്കപ്പെട്ടിരിക്കുന്നു. മാതൃഭാഷയിലാണെങ്കിൽ തങ്ങളുടെ അഭിപ്രായങ്ങൾ തുറന്നുപറയാൻ പ്രയാസം നേരിടാത്തവരും ഇംഗ്ലീഷിൽ സാമാന്യജ്ഞാനം ലഭിച്ചിട്ടുള്ളവരുമായ അംഗങ്ങൾ ഇംഗ്ലീഷു പ്രസംഗകന്മാരുടെഅഭിപ്രായങ്ങളെപ്പറ്റി തങ്ങൾക്കു പറവാനുള്ളതു് ആ ഭാഷയിൽ തന്നെ ഉടനടി പ്രകടിപ്പിക്കാൻ വൈദഗ്ദ്ധ്യത്തിന്റേയും പരിശീലനത്തിന്റേയും കുറവുകൊണ്ടു തയാറാകുന്നില്ല. ഇംഗ്ലീഷു പരിചയമില്ലാത്തവരുടെ കാര്യം പറയേണ്ടതില്ലല്ലൊ. സഭയിലെ മുക്കാൽമുണ്ടാണിമുക്കാൽമാഹാണി നടപടികളും അവർക്കു ഗ്രഹിക്കുവാൻ നിവൃത്തിയില്ല. വോട്ടു് അല്ലെങ്കിൽ സമ്മതിദാനം ചെയ്യാതിരിക്കുന്നതും ധർമ്മമല്ല. പൊതുജനങ്ങൾ വോട്ടുചെയ്തു് ഈ സ്ഥാനത്തിലെത്തീട്ടുള്ള പ്രതിനിധികൾ ഇവിടെ വന്നിട്ടു വോട്ടുചെയ്യാതെ, നടപടികളിൽ സംബന്ധിക്കാതെ, പോകുന്നതും കഥയറിയാതെ കൈ പൊക്കേണ്ടിവരുന്നതും എത്രശോചനീയമായ ഒരവസ്ഥയാണു്? നടപടികൾ മുഴുവൻ മനസ്സിലായാൽ ഇംഗ്ലീഷു ഭാഷാനഭിജ്ഞരായ നിയമസഭാംഗങ്ങളുടെ സമ്മതിദാനം ഇതുവരെ നടന്നിട്ടുള്ളതിൽ നിന്നു ഭിന്നമായിരുന്നിരിക്കയില്ലെന്നു് ആർക്കു പറവാൻ കഴിയും? നിയമസഭയിലെ സാമാജികത്വത്തിനു് ഇംഗ്ലീഷുപരിജ്ഞാനം ആവശ്യമാണെന്നു നിയമം നിർബന്ധിക്കുന്നില്ല. എന്നാൽ പ്രയോഗത്തിലാകട്ടെ ആ ഭാഷയിൽ നല്ല പരിചയം കൂടാതെ ഈ സ്ഥാനം വേണ്ടപോലെ വഹിക്കുവാൻ നിവൃത്തിയില്ലെന്നു കാണുന്നു. ഈ സഭയിൽ നാട്ടുഭാഷ ഉപയോഗിക്കാത്തവരായി ഇംഗ്ലീഷുകാരായ രണ്ടു് ഉദ്യോഗസ്ഥാംഗങ്ങളും ഒരു അനുദ്യോഗസ്ഥാംഗവും ഉൾപ്പെടെ മൂന്നുപേർ മാത്രമേ ഉള്ളൂ. ഈ മൂന്നുപേരുടെ സൌകര്യത്തെ കരുതി നാട്ടുകാരായ അംഗങ്ങളെല്ലാം അന്യഭാഷയിൽ പ്രസംഗം നടത്തിക്കൊള്ളണമെന്നോ ഇംഗ്ലീഷ് അറിവില്ലാത്തവർ ഇവിടത്തെ നടപടികളിൽ കഥ അറിയാൻ കഴിയാതെ മുകത്തുപോയി കൈക്കൊള്ളണമെന്നോ വന്നിരിക്കുന്നതു ശരിയല്ല. ഉദ്യോഗസ്ഥാംഗങ്ങൾ ഈനാട്ടുകാർ കൊടുക്കുന്ന കരത്തിന്റെ ഒരുഭാഗം ശമ്പളമായി പറ്റുന്നവരാണു്. അവർ ഈ നാട്ടിലെ ഭാഷ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Trivikramar Vasudevar.]

പരിചയിക്കയും അതിൽ സാമർത്ഥ്യം സമ്പാദിക്കയും ചെയ്യണമെന്നു നിർബ്ബന്ധിക്കയല്ലേ ന്യായം? നാട്ടുഭാഷയിൽ ഇവർക്ക് ഒരു പരീക്ഷയുണ്ടെന്നും ഈ ഉദ്യോഗസ്ഥന്മാർ അതിൽ വിജയികളാവാറുണ്ടെന്നും കേട്ടിട്ടുണ്ട്. അനേകം കൊല്ലങ്ങളായി ഈ സർക്കാരിനെ സേവിക്കുന്ന വിദ്യാഭ്യാസമേലദ്ധ്യക്ഷന് അദ്ദേഹം നായകത്വം വഹിക്കുന്ന പ്രധാനശാഖയായ വിദ്യാലയങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയിൽ വൈദഗ്ദ്ധ്യമില്ലെന്നുള്ളതിനാലുള്ള അസൌകര്യവും ഈ നാട്ടിൽ തന്നെ പിറന്നു വളർന്നു നിവസിക്കുന്ന ജനങ്ങളുടെ പ്രതിനിധികൾ അനുഭവിക്കേണ്ടതല്ല. പോലീസുവകുപ്പിന്റെ മേലദ്ധ്യക്ഷൻ അടുത്തകാലത്തു നിയമിക്കപ്പെട്ട ആളാണെങ്കിലും സാമാന്യമായ ഭാഷാജ്ഞാനം സമ്പാദിക്കാനുള്ളിടത്തോളം സമയം അദ്ദേഹം ഇവിടെ നിവസിച്ചു കഴിഞ്ഞിരിക്കുന്നു. തോട്ടക്കാരായ യൂറോപ്യന്മാരുടെ പ്രതിനിധിക്ക് ഇവിടെ നിയമത്താൽ സ്ഥാനം നല്കീട്ടുള്ളത് അവരുടെ അവശ്യങ്ങൾക്കു ദോഷം തട്ടാതെ നോക്കിക്കൊള്ളുന്നതിനാണെന്നു വിശ്വസിക്കുന്നു. ഒരു അന്യനാട്ടിൽ ചെന്നു കൃഷിയോ കച്ചവടമോ നടത്തുന്നവർ ആ നാട്ടിലെ ഭാഷ പരിചയിച്ചു കൊള്ളേണ്ടതു് അവരുടെ ആവശ്യമാകുന്ന ആ നാട്ടിലെ ഭരണവിഷയത്തിൽ പ്രവേശിക്കുമ്പോൾ നാട്ടുഭാഷയിൽ വേണ്ടജ്ഞാനം അവർ സമ്പാദിച്ചു കൊള്ളണമെന്നു നിർബന്ധിക്കുവാൻ ഗവർൺമെന്റു മടിക്കേണ്ടതുണ്ടെന്നതോന്നുന്നില്ല. ഗവർൺമെന്റു നിശ്ചയിക്കയാണെങ്കിൽ ഇവരും റവന്യൂകമ്മിഷണരും നാട്ടുഭാഷയിൽ വേണ്ട ജ്ഞാനത്തോടുകൂടിയല്ലാതെ ഇവിടെ വരികയില്ലെന്നുള്ളതു നിശ്ചയം തന്നെ.

നഗരസഭകൾ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളാണെന്നാണു പറയപ്പെട്ടുന്നതു്. പല നഗരസഭകളിലേയും നടപടികൾ മാതൃഭാഷയിലല്ലാതായി കാണുന്നുണ്ടു്, ഇതിനു കാരണം പ്രജാസഭയേയും നിയമസഭയേയും അവ അനുകരിക്കുന്നതു കൊണ്ടാണെന്നു തോന്നുന്നു. ഇങ്ങനെ ജനപ്രാതിനിദ്ധ്യം അനുവദിച്ചു കിട്ടീട്ടുള്ള സ്ഥാപനങ്ങളിലെല്ലാം നാട്ടുകാക്ക് അവരുടെ ഭാഷയിൽ അഭിപ്രായപ്രകടനം ചെയ്യുന്നതിനുള്ള സൌകര്യം കുറഞ്ഞു പോയിരിക്കുന്നു.

ഒരു രാജ്യത്തിലെ നീതിന്യായവകുപ്പുപോലെ പ്രാമാണ്യം മറ്റൊരു വകുപ്പിനുമുണ്ടെന്നു തോന്നുന്നില്ല. ഈ സംസ്ഥാനത്തിലെ ഹൈക്കോടതിമുതൽ ജില്ലാക്കോടതി, മുൻസിഫ്കോടതി, ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകോടതി, മറ്റു മജിസ്ട്രേട്ടുകോടതികൾ വരെയുള്ള സ്ഥാപനങ്ങളിലെ

LIBRARY ARCHIVES, Kerala Legislative Assembly

ന്യായാധിപന്മാരെല്ലാം വിധി എഴുതുന്നത് ഇംഗ്ലീഷിലാണ്. ഇംഗ്ലണ്ടിൽ ഈ നടപ്പിനു ന്യായമുണ്ട്. ഈ നാട്ടിൽ ഈഅവസ്ഥ വന്നിരിക്കുന്നതു നാട്ടുകാക്കുവേണ്ടിയാണെന്നു കാണുന്ന ന്യായസ്ഥാപനങ്ങളുടെ സ്ഥാപനോദ്ദേശ്യത്തിനു തന്നെ വിപരീതമാണല്ലൊ. നാട്ടുഭാഷയല്ലാത്ത കോർട്ടുഭാഷ ലോകത്തിലെ മറെറാരു പരിഷ്കൃതരാജ്യത്തിലുമില്ല.

ഈ അസൌകര്യങ്ങൾക്കെല്ലാം കാരണം ഗവർൺമെൻറുദ്യോഗസ്ഥന്മാരും വക്കീലന്മാർ തുടങ്ങിയ ഉന്നതപരീക്ഷാവിജയികളും ഇംഗ്ലീഷു വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരായതാണെന്നു പറയപ്പെടുന്നു. തങ്ങൾക്ക് ഇംഗ്ലീഷുമുഖാന്തരം ലഭിച്ചിട്ടുള്ള ജ്ഞാനത്തെ നാട്ടുകാരുടെ ഇടയിൽ വിതരണം ചെയ്യുന്നതിനുവേണ്ടിയാണു നാട്ടുഭാഷകളെ സർവകലാശാലക്കാർ ഉപഭാഷകളായി സ്വീകരിച്ചിട്ടുള്ളതെന്നു പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ആ ഉദ്ദേശം എത്രത്തോളം സാധിച്ചിട്ടുണ്ടെന്നു സ്നേഷണെറി മജിസ്ട്രേട്ടുമാരുടെ ഇംഗ്ലീഷിൽ ജഡ്ജിമെൻറു എഴുതുന്നതിൽ നിന്നു തെളിയുന്നു. കേരളസർവകലാശാലയൊ, തിരുവിതാംകൂർ സർവകലാശാലയൊ മലയാളസർവകലാശാലയായിരിക്കുമെന്നു വിചാരിച്ചാണു സർവകലാശാലാസ്ഥാപനത്തെപ്പററിയുണ്ടായ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നതു്. ആ സർവകലാശാലയുടെ പ്രവർത്തനാരംഭത്തിനു മുമ്പുതന്നെ ഈ നാട്ടിലെ വിദ്യാഭ്യാസ രീതിയിൽ ഒരു വലിയ പരിവർത്തനം അത്യാവശ്യമാണു്. ഇവിടെ ഇംഗ്ലീഷുപള്ളിക്കൂടങ്ങളും മലയാളപള്ളിക്കൂടങ്ങളും കൂടി ആവശ്യമില്ല. എല്ലാപള്ളിക്കൂടങ്ങളിലും നാട്ടുഭാഷതന്നെ ഉപയോഗിക്കണം. ഇപ്പോൾ ഭാരതഖണ്ഡത്തിലെ ഒരു പൊതുഭാഷയുടെ സ്ഥാനം വഹിക്കുന്ന ഇംഗ്ലീഷിൻെറ സാമാന്യജ്ഞാനം നാട്ടിലെ എല്ലാ ചെറുപ്പക്കാർക്കും ലഭിക്കാനായി അതിനു് ഒരു ഉപഭാഷയുടെ സ്ഥാനം നല്കിയാൽ അതു പുറനാടുകളുമായുള്ള ഏർപ്പാടുകളിൽ നമ്മെ സഹായിക്കും. ഈരാജ്യത്തിലെ സകലപരീക്ഷകളും—സാങ്കേതിക പരീക്ഷകരും ഉൾപ്പെടെ—മലയാളത്തിൽ നടത്തണം. ഇംഗ്ലീഷിൻെറ ഗന്ധം പോലും കൂടാതെ നിയമപരീക്ഷ ജയിച്ചു് അടുത്തകാലം വരെ ഇവിടത്തെ ഹൈക്കോടതിയിൽ വക്കീൽ വേല പ്രശസ്തമായി പലരും നിർവ്വഹിച്ചിട്ടുണ്ടു്. ഓരോ തൊഴിലിലും ഈ വിധം സാധ്യമാണു്. പള്ളിക്കൂടങ്ങളെ ഏകീകരിച്ചു നടത്തേണ്ടതിനെപ്പററി പ്രത്യേകം പറഞ്ഞുകൊള്ളാം. അതിൽ നിന്നും ചിലവിനു ലാഭവും സൌകര്യവുമുണ്ടെന്നു ബോദ്ധ്യപ്പെടുത്തുന്നതിനു തയ്യാറുണ്ടു്.

സാങ്കേതികങ്ങളായ ഗ്രന്ഥങ്ങൾ നാട്ടുഭാഷയിലില്ലെന്നു പറയപ്പെടുന്നു. എങ്ങിനെ ഉണ്ടാകുമെന്നാണു ഞാൻ ചോദിക്കുന്നതു്. കടം മേടിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[MR. Trivikramar Vasudevar.]

ചിലവുനടത്തുന്നതാണു നല്ലതെന്നു ധരിച്ചു് അപ്രകാരം അനുഷ്ഠിക്കുന്ന ഒരുവൻ സ്വന്തസമ്പാദ്യത്തിനായി ശ്രമിക്കുന്നതെങ്ങനെ? ഏതെങ്കിലും ഒരുതരം വിജ്ഞാനം നല്കുന്നതിനു് അന്യസംസ്ഥാനപദ്ധതി ഏർപ്പെടുത്തണമെന്നു ഗവർൺമെൻറു നിശ്ചയിക്കുന്നതിനു മുമ്പു ആ വിഷയത്തിനാവശ്യമുള്ള പുസ്തകങ്ങളും നിർമ്മിക്കാൻ ഏർപ്പാടുചെയ്യണം. അതിനുവേണ്ട വിദഗ്ദ്ധന്മാർ ഇവിടെ മതിയാകയില്ലെങ്കിൽ തജ്ജിമ ചെയ്ത ആവശ്യം നിർവ്വഹിക്കാൻ കഴിയുന്നവക്കു കുറവുണ്ടെന്നു തോന്നുന്നില്ല. ശാസ്ത്രീയപദങ്ങളെല്ലാം തേടിപ്പിടിച്ചു് ഒരുവയുടെ ഭാഷാപദം നൽകുന്ന ഒരു നിഘണ്ടു നിർമ്മിക്കാനാണു് ഈ വിഷയത്തിൽ ആദ്യമായി ഗവർൺമെൻറുദ്യോഗിക്കേണ്ടതു്. അപ്രകാരം സുസമ്മതമായ ഒരു നിഘണ്ടു ഉണ്ടായാൽ ശാസ്ത്രീയഗ്രന്ഥങ്ങളുടെ തജ്ജിമ സുകരമായി തീരുന്നതാണു്. തിരുവിതാംകൂർ ഗവർൺമെൻറിൽ നിന്നു പ്രസിദ്ധീകരിക്കുന്ന സകലഗ്രന്ഥങ്ങളും മലയാളത്തിലായിരിക്കണമെന്നു നിബന്ധിക്കണം. ലാറിപ്പോട്ട്, സെൻസസ റിപ്പോട്ട്, സ്റ്റേറുമാന്വൽ, ലാൻഡ് റവന്യൂമാന്വൽ, കണ്ടെഴുത്തുറിപ്പോട്ട്, നിയമസഭയുടെയും പ്രജാസഭയുടേയും റിപ്പോട്ടുകളും, വിളംബരങ്ങളും ചട്ടങ്ങളും മുതലായി ഗവർൺമെൻറിൽ നിന്നും ചെയ്യുന്ന എല്ലാപ്രസിദ്ധീകരണങ്ങളും മലയാളത്തിൽ ആയിരിക്കണം. അവയിൽ ഹജൂരും മേൽക്കൊയ്മയുമായുള്ള ഇടപാടുകൾക്കു് ആവശ്യമെന്നു കാണുന്നവയ്ക്കുമാത്രം ഇംഗ്ലീഷിൽ തജ്ജിമകൾ അപ്പോഴപ്പോൾ സൃഷ്ടിച്ചു കൊണ്ടാൽ മതിയാകുമല്ലോ.

ഈ ഗവർൺമെൻറിൻെറ പരസ്യമാക്കാനുള്ള നടപടികളുടെ വ്യാപ്തിയാണു ഗസറു. തിരുവിതാംകൂർ ഗവർൺമെൻറു ഗസറ് എന്ന തലക്കെട്ടുപോലും ഇംഗ്ലീഷിലായിരുന്നു. ഗവർൺമെൻറു പ്രൊസീഡിംഗ്സ എന്നു പറയുന്ന നടപടികളും ഇംഗ്ലീഷിൽ ആയിരിക്കേണ്ടതിൻെറ ആവശ്യം മനസ്സിലാകുന്നില്ല. ഹജൂക്കച്ചേരിയിൽനിന്നു് ഈ നാട്ടിൽ ആർക്കെങ്കിലും അയയ്ക്കുന്ന സകല എഴുത്തുകുത്തുകളും നാട്ടുഭാഷയിലായിരിക്കേണ്ടതും അതുപോലെ അനുഷ്ഠിപ്പാൻ സകല വകുപ്പു മേലദ്ധ്യക്ഷന്മാരോടും ചട്ടംകെട്ടേണ്ടതുമാണു്. ഇംഗ്ലീഷുപരസ്യം ഇംഗ്ലീഷറിയാത്തവരേയും ബാധിക്കുന്നു. ഗസറിൽ പരസ്യംചെയ്യുന്നതെല്ലാം എല്ലാവരും അറിയണമെന്നു നിർബന്ധമുണ്ടു്. ഇംഗ്ലീഷിലൊരക്ഷരവും അറിവില്ലാത്ത നാട്ടുകാർ അയക്കുന്ന സങ്കട ഹർജികൾക്കു ഹജൂർകച്ചേരിയിൽനിന്നും—ചിലപ്പോൾ താലൂക്കുകച്ചേരികളിൽനിന്നുപോലും—ഇംഗ്ലീഷിൽ

LIBRARY ARCHIVES Kerala Legislative Assembly

രുപടി കൊടുത്തുകാണുന്ന് അനാശാസ്യമായ നടപ്പ് ഉടനെ പരിഹരിക്കപ്പെടണം. അഞ്ചൽ മുദ്രകളിലും കോട്ടഫീസ്സ്റ്റാമ്പുകളിലും മുദ്രപ്പത്രങ്ങളിലും സ്റ്റാമ്പുകളിലും ഇംഗ്ലീഷിനു നല്കിയിരിക്കുന്ന സ്ഥാനം ഈ നാട്ടുകാരുടെ ആവശ്യത്തിനുവേണ്ടിയല്ല. അഞ്ചൽ തീയതി മുദ്രകൾ നിവൃത്തിയുള്ളിടത്തോളം ഇംഗ്ലീഷിൽ ആക്കണമെന്നാണോ അധികാരികളുടെ നിർബന്ധം എന്നു തോന്നത്തക്കവണ്ണം ഇംഗ്ലീഷ് മുദ്രകളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. അക്കൌണ്ടു വകുപ്പുകാരുടെ സകല ഫാറങ്ങളും മറ്റു വകുപ്പുകളിലെ ആവശ്യത്തിനായി തയാറാക്കപ്പെട്ടിട്ടുള്ള മിക്കവാറും എല്ലാ ഫാറങ്ങളും ഇംഗ്ലീഷിലായി കാണുന്നു. ശമ്പളം വാങ്ങാനുള്ള ബിൽഫാറം നാട്ടുഭാഷയിലില്ല. ഈ ഭ്രമംകൊണ്ടു ചിലപ്പോൾ വലിയ അബദ്ധങ്ങളും ഉണ്ടാകാറുണ്ടു്. പുതിയതായി ആരംഭിച്ച ദേവസ്വംവകുപ്പിനും മറ്റു വകുപ്പുകളിലെപ്പോലെ ഇംഗ്ലീഷുഫാറങ്ങളുണ്ടാക്കാൻ ഭ്രമമുണ്ടാകയും ഇംഗ്ലീഷുഫാറങ്ങൾ പൂരിപ്പിക്കുന്നതിൽ ദേവസ്വം ഉദ്യോഗസ്ഥന്മാർ ഭാഷയറിയാതെ തെറ്റുകൾ പറ്റിക്കയാൽ ആദ്യം നിർമ്മിച്ച ഫാറങ്ങളെല്ലാം പിൻവലിച്ചു മലയാളത്തിൽ ഫാറങ്ങൾ പുനശ്ച നിർമ്മിക്കയും ചെയ്തതായറിയുന്നു. അഞ്ചൽ മണിയാർഡർഫാറം ഇംഗ്ലീഷിലാക്കിയതിന്റെ ഫലം ഒരിക്കൽ ഞാൻകണ്ടു മനസ്സിലാക്കി. ഒരാൾ വക്കീലിന്റെ പേക്ക് അയച്ച മണിയാർഡർ പിറേറദിവസം തനിക്കുതന്നെ കിട്ടാനിടയായി. ഇതു തന്റെപേർ എവിടെ വേണം വക്കീലിന്റെ പേർ എവിടെവേണം എന്നു തിരിച്ചറിയാൻ പാടില്ലാത്തതുകൊണ്ടു വന്നതാണു്. എഴുത്തുകുത്തിൽ ഇംഗ്ലീഷ്ഭ്രമം ഇപ്പോഴത്തെ നിലക്കു ഇനിയും വർദ്ധിക്കുവാനാണ് ഇടയുള്ളതു്. അതു ഉടനടി തടയണം. ഹജൂരിൽ ബ്രിട്ടീഷ് റസിഡന്റുമായി നടത്താനുള്ള എഴുത്തുകുത്തുകൾമാത്രം ഇംഗ്ലീഷിൽവച്ചുകൊണ്ടു ശേഷമുള്ള സകല എഴുത്തുകുത്തുകളും നാട്ടുഭാഷയിലാക്കണമെന്നാണു ഞാൻ പറയുന്നതു്.

ഇതേവരെ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും മലയാളത്തിൽ വന്നിട്ടില്ലാത്തതുമായ സകല ഗവർൺമെൻറുപുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ഒരു കുംഭകാലത്തിനകം മലയാളത്തിലാക്കി പ്രസിദ്ധീകരിക്കുന്നതിനായി ഹജൂക്കച്ചേരിയിലെ തർജ്ജിമവകുപ്പിൽ വേണ്ടിടത്തോളം ഉദ്യോഗസ്ഥന്മാരെ നിയമിക്കയും മേലാൽ കടിശിക്കിടവരാതിരിക്കുവാൻ വേണ്ട ഏർപ്പാടുചെയ്കയും ചെയ്യണം. അതിനുവേണ്ട വ്യയം ഒഴിച്ചുകൂടാത്ത ആവശ്യവും ജനപ്രതിനിധികൾ സസന്തോഷം അനുകൂലിക്കുന്നതുമാണു്.

പുരാഴ്ചയും കൈയച്ചുയന്ത്രവും മലയാളത്തിൽ ഇല്ലെന്നുള്ളതാണു ഗവർൺമെൻറു നടപടികളെ ഇംഗ്ലീഷിൽ വെച്ചുകൊണ്ടിരിക്കുവാനും അധി

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. Lakshmana Pillai.]

കപ്പെട്ടുത്തുവാനുള്ള ഒരു കാരണമായി പറയപ്പെട്ടുന്നത്. രാജ്യഭരണത്തിന്റെ നടപടികളിൽ എത്രയൊ ചുരുങ്ങിയഭാഗത്തെ മാത്രമേ ഇവ പരാമർശിക്കുന്നുള്ളൂ. അഥവാ ഇവയുടെ സാന്നിദ്ധ്യം അപരിത്യാജ്യമാണെങ്കിൽതന്നെ മലയാളത്തിൽ ഇവ രണ്ടും കണ്ടുപിടിക്കപ്പെട്ട കഴിഞ്ഞിട്ടുള്ള സ്ഥിതിക്ക് ഏതാനും ഭാഷാവിദഗ്ദ്ധന്മാരെ ചുരുക്കഴുത്തു പഠിക്കുന്നതിനു പരിശീലിപ്പിക്കുന്നതുകൊണ്ടും ഏതാനും മലയാളം ടൈപ്പുറൈറ്റു യന്ത്രങ്ങൾ ഉണ്ടാക്കിച്ചുവരുത്തി ഉപയോഗിക്കുന്നതുകൊണ്ടും ആ പോരായ്മയെ പരിഹരിക്കുവാൻ ഗവർൺമെൻറിനു പ്രയാസമില്ല.

ഗവർൺമെൻറും ജനങ്ങളും വ്യവഹരിക്കുന്ന ഭാഷ രണ്ടായിരിക്കുമ്പോൾ രണാധികാരികളും ഭരണീയരുമായി ആവശ്യമില്ലാത്ത തെറ്റിദ്ധാരണകളുണ്ടാകുന്നതിനും അഭിപ്രായഭേദങ്ങളുണ്ടാകുന്നതിനും അതൊരു പ്രധാനകാരണമായിരിക്കും. ഐകമത്യത്തിനും ഏകാഭിപ്രായത്തിനുമുള്ള വഴിയെ അതു തടയുകയാണു ചെയ്യുന്നത്. എണ്ണയും വെള്ളവുംപോലെ ഗവർമെൻറും പ്രജകളും രണ്ടാണെന്ന വ്യക്തമായികാണിക്കുന്നതിനു രണ്ടുഭാഷകളും ഉപയോഗിക്കുന്നഭാഷ രണ്ടാണെന്നുള്ള സ്ഥിതി ധാരാളം സഹായിക്കും. അതിനാൽ നാട്ടുഭാഷയെ അതിന് അവകാശമുള്ള സ്ഥാനത്തിൽ പുനഃപ്രതിഷ്ഠിക്കുന്നതിനു ഗവർൺമെൻറു ത്രിവിധകരണങ്ങളേക്കൊണ്ടും ഇന്നുമുതൽ പ്രയത്നിച്ചുതുടങ്ങണമെന്നുള്ള അപേക്ഷയോടുകൂടി എന്റെ പ്രമേയത്തെ സമർപ്പിച്ചുകൊള്ളുന്നു.

ഈ യോഗത്തിലെ അദ്ധ്യക്ഷനോട് ഇതോടുകൂടി എനിക്കൊരുപേക്ഷ ചെയ്യുവാനുണ്ട്. ഈ പ്രമേയം സംബന്ധിച്ച് ഇപ്പോൾ നടക്കുന്ന വാദപ്രതിവാദങ്ങളും മലയാളത്തിലായിരിക്കാൻ ഏർപ്പാടുചെയ്യണമെന്നാണ് എന്റെ അപേക്ഷ.

MR. M. N. PILLAI: I second it.

MR. P. K. NARAYANA PILLAI: I second it.

PRESIDENT: It has already been seconded by Mr. M. N. Pillai.

MR. T. LAKSHMANA PILLAI: Since the mover desires that we should speak in the vernacular in this matter, I would beg permission of the President to speak in Tamil.

PRESIDENT: That is against the existing rule. You have been speaking in English. Now you want to speak in Tamil. I am sorry I cannot allow you to speak in Tamil.

MR. T. LAKSHMANA PILLAI: However, it is desirable that the vernacular should be adopted as the medium of communication

LIBRARY ARCHIVES Kerala Legislative Assembly

between the Government and the people. I wish to know whether by vernacular the mover understands merely Malayalam or includes Tamil also.

PRESIDENT: Now he has sat down. He can give a reply to your question only when he replies.

MR. T. LAKSHMANA PILLAI: Tamil is being spoken by nearly 6¼ lakhs of the population who are as good subjects of His Highness the Maha Raja as the Malayalam-speaking population and all these conditions may be favourable in Tamil also. Perhaps most of them are ignorant of Malayalam and they would like to have all this information embodied in Tamil which is their mother-tongue. The Tamil-speaking population would, I think, according to the latest census, form 16 per cent. of the whole population. It is not a negligible factor and the Tamilians pay tax to Government as well as any other section of the population. So it is very important that all that applies to Malayalam in this particular proposition should apply to Tamil also. But in carrying out the suggestions made by Mr. Trivikraman Vasudevar, I think there are considerable difficulties in the way. In the first place, I question whether it is possible to translate correctly all the ideas that can be conveyed in the English language. I am not quite sure about it; as the mover himself suggested, a dictionary will have to be newly made containing words and expressions which are good enough to convey ideas that we usually convey in the English language. Vernacular education as at present takes one only up to the seventh class. Beyond that—

MR. S. PARAMESVARA AIYAR: There are the eighth and the ninth classes also.

MR. T. LAKSHMANA PILLAI: There is no college in Malayalam; there is no college in Tamil. Therefore, those advanced ideas which will be conveyed in English cannot be conveyed in the vernaculars. So, steps will have to be taken to increase the capacity of the language. In the first place, as far as Malayalam is concerned, I do not know how the capacity of the language could be increased without great additions being made from the Sanskrit language. Even the Malayalam that is now being spoken in social circles I personally cannot follow without difficulty—though I have been here in Travancore, born a subject of His Highness the Maha Raja, and born in Trivandrum. I could not follow many words employed by the speakers ordinarily in this House, because so many obscure Sanskrit words are being introduced. If I find it difficult, other people would find it impossible to understand those ideas which are conveyed in Malayalam. I would, therefore, say that the motion now brought forward is, to say the least, premature. But, if any steps are taken by Government on the recommendation of the mover, I would request Government that the same step be extended to the Tamil-speaking population of the country also.

MR. M. K. KHADIR PILLAI: Is he opposing or supporting the resolution?

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. R. Madhava Variar.]

PRESIDENT: You can decide it by the vote he gives. *(Laughter.)*

MR. T. LAKSHMANA PILLAI: I do not support the resolution as it is.

MR. M. R. MADHAVA VARIAR: Sir, I rise to support this resolution and to put in a strong plea for the encouragement of the vernacular. After all the English education which we boast of, we have only 1·6 per cent. of our people who have got at least a smattering of English knowledge. The Government have recently adopted English as their official language, presumably for the convenience of certain English-knowing officials, so much so that many Government publications are sealed books to the public for whom they are intended. To begin with, take the proceedings of this Council. The people are watching with great hope and anxiety the proceedings of this Council; but unfortunately Government have for financial considerations decided not to publish the proceedings in Malayalam for the information of the public at large. The rules of the Council are such that even those who can speak in Malayalam are precluded from doing so. I have felt shame when my friends Messrs. Paramesvaran and Kunjitomman often complained that they are not able to understand what is going on in the Council. It is nowhere provided in the rules that only English-knowing people shall be elected as members of the Council. I do not know for whose benefit our Government have made the rule that members who know English must express their ideas in English. Every one in this House is expected to know Malayalam or Tamil. Perhaps two or three members may not understand the vernacular, even though they are expected to pass an examination in the vernacular language. Is it not hard and unjust to compel all the representatives of the people to talk in English for the benefit of these one or two individuals? I appeal to the Government to alter this rule and in its stead to make a rule that those who can speak in their vernacular will not be allowed to speak in English. Perhaps, some may complain that we have not developed short-hand to such an extent as to freely allow speeches in Malayalam. But, as far as I know, I can boldly assert that there are enough short-hand writers in Malayalam and Tamil at present for the purposes of this Council. So much about the proceedings of the Legislative Council.

The public are not able to read important publications of Government such as the *State Manual*, the *Land Revenue Manual*, the *Archæological Reports*, the *Census Reports*, etc., in Malayalam. Are they not intended for the people of this land? In our courts, parties are put to considerable difficulties by the adoption of English. If they want to know the points in dispute, they have to bear the cost of translation. They cannot read and understand judgments passed in favour of or against them. The vakils argue in English and the clients will have to stand blinking by when the argument goes on. It causes much loss to the clients to get copies of the judgments translated. Why should we have the judgments written in English and why should we compel the parties to pay a penalty for not studying English? The language of the courts should always be the vernacular; and, if English is to be used, a translation should be made available to the public free of cost.

LIBRARY ARCHIVES Kerala Legislative Assembly

The new Income-tax Department sends notices to the people in English. Even a man who can read and understand the vernacular will have to approach some individual who knows English. I once had to translate an order in English issued to a primary school teacher in the Education Department. It is well known that most of the primary school teachers are ignorant of English. Even then our officials forget that they are living in Travancore and freely write in English, which is taken to be their mother-tongue. We are being enslaved by the phantom of English learning, so much so that we forget the mother which conceived us and adopt another who has no sort of blood-relationship as our mother. The use of English as the official language in Travancore is calculated to entail more expenditure, to shun publicity, to disregard the sentiments of the people and to denationalise us in the course of a few years. It is very difficult to make English the mother-tongue of our people and no culture will filter through English to the masses. A nation's culture and intellectuality are reflected in its literature, and if we are to be judged by that standard we are an uncultured and semi-barbarous people. This state of things cannot be continued for long. In Indian States in north India, people insist on the use of the vernacular as the official language. I wonder why we alone have lagged behind and allowed ourselves to be enslaved by a foreign tongue.

MR. P. PARAMESVARAN: രാജ്യഭരണസംബന്ധമായി സർക്കാരിൽ നിന്നു പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളും, നിയമങ്ങളും, ചട്ടങ്ങളും, പ്രൊസീഡിങ്ങ്സ് മുതലായവ എല്ലാം ജനങ്ങളും അറിയുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളവയാണല്ലൊ.

വൃശ്ചികമാസത്തിൽ നടന്ന നിയമസഭയിൽ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇതേവിഷയത്തെപ്പറ്റി പ്രയോഗിക്കാൻ നിശ്ചയിച്ചിരുന്ന റെസല്യൂഷണിലേക്ക് ഒരു ചെറിയ മാറ്റം ഞാൻ അഭിപ്രായപ്പെട്ട് എഴുതിയയച്ചിരുന്നു. ആ റെസല്യൂഷൻ അന്ന് എടുക്കാൻ തരമുണ്ടായില്ല. ഈ സ്ഥിതിക്കു മിസ്റ്റർ ത്രിവിക്രമർ വാസുദേവരുടെ റെസല്യൂഷനെ ഞാൻ ഹാർട്ടായി പിൻതാങ്ങുന്നു.

ഈ തജ്ജിമകളിൽവച്ചു രണ്ടു സംഗതികളെക്കുറിച്ച് എനിക്കറിയാനിടയായതിനെ ഞാൻ പ്രസ്താവിക്കാം.

നിയമസഭയെ പുതുക്കിയതോടുകൂടി ജനങ്ങൾക്കു വലുതായ സ്വാതന്ത്ര്യവും അധികാരങ്ങളും ജനിച്ചിരിക്കുന്നു. ജനങ്ങളുടെ പ്രതിനിധികളായി ഇവിടെ വന്നിരിക്കുന്ന മഹാന്മാർ അവരവരുടെ കടമകളെ എത്രത്തോളം നിർവഹിക്കുന്നു എന്നറിയുന്നതിനും ഗവർൺമെൻറ് അവരുടെ എത്രത്തോളം അനുസരിക്കുന്നു എന്നു ധരിക്കുന്നതിനും ആയി ജനങ്ങൾ വളരെ ഉൽകണ്ഠയോടുകൂടി കാത്തിരിക്കുന്നു. ജനങ്ങളുടെ ഈ പ്രതീക്ഷ ഇതേവരെ ഫലിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Paramesvaran.]

നിയമസഭയിൽ ഹാജരായിരിക്കുന്ന എന്നെപ്പോലെയുള്ള സാധുക്കൾക്കുപോലും ഇംഗ്ലീഷറിയാൻ പാടില്ലാത്തതിനാൽ ഇതിൽ നടക്കുന്ന കാര്യങ്ങൾ മുഴുവനും അറിയാൻ ശക്തിയില്ല. ഈ സ്ഥിതിക്ക് ഈ സഭയിലെ പ്രൊസീഡിങ്ങ്സിനെ മലയാളത്തിൽ പ്രസിദ്ധപ്പെടുത്താതിരുന്നാൽ ഇവയെ ജനങ്ങൾ അറിയാൻ മാർഗ്ഗമില്ലല്ലൊ. ഈ സങ്കടത്തെ ജനങ്ങൾ പലതവണയായി അറിയിച്ചിട്ടുണ്ട്. ഇപ്പോഴും അറിയിക്കുന്നു. സകലകാര്യങ്ങളിലും പ്രജകളുടെ ആവശ്യങ്ങളേയും ഹിതങ്ങളേയും ആരാഞ്ഞറിഞ്ഞ് അവയെ സാധിപ്പിക്കാൻ വേണ്ടതെല്ലാം ചെയ്യുന്നതിന് സദാസന്നദ്ധനായിരിക്കുന്ന ഇപ്പോഴത്തെ ദിവാൻസ്വാമി അവർകൾ ഇക്കാര്യത്തിൽ ഉദാസീനത കാണിച്ചിട്ടില്ലെന്നും ഈ പ്രൊസീഡിങ്ങ്സിനെ മലയാളത്തിൽ പ്രസിദ്ധപ്പെടുത്താൻ ആജ്ഞാപിച്ചിരിക്കുന്നു എന്നും ഞാൻ അറിയാൻ ഇടയായിട്ടുണ്ട്. കഴിഞ്ഞ രണ്ടുതവണനടന്ന സഭകളിലെ നടപടികൾമാത്രം തന്നെ ഇംഗ്ലീഷിൽ ക്ര.ന.ഠ പുറത്തോളം ആയിട്ടുണ്ട്. ഇവയെ തർജ്ജിമചെയ്തു പ്രസിദ്ധപ്പെടുത്താൻ ഇപ്പോഴത്തെ ട്രാൻസ്ലേറ്ററെക്കൊണ്ടുമാത്രം സാധിക്കയില്ലെന്ന് അദ്ദേഹം അറിയിക്കയാൽ ഇതിലേക്കായി ചില വിദ്വാന്മാരെ പ്രത്യേകം ശമ്പളംകൊടുത്ത് ഏർപ്പെടുത്താൻ നിശ്ചയിക്കുന്നതു നല്ലത്. ഇതിലേക്ക് എത്രതന്നെ കൂടുതൽ ചിലവു വരുന്നതായാലും ജനങ്ങൾക്ക് അത്യാവശ്യമായ സംഗതിആകയാൽ ആ ചിലവ് അനുവദിക്കാൻ ഈ സഭ നിശ്ചയമായും ഒരുങ്ങിയിരിക്കും.

അടുത്തതവണ, അതാവിതു കർക്കടകമാസത്തിൽ നിയമസഭ കൂടുമ്പോൾ, ഇതുവരെയുള്ള നടപടികളുടെ തർജ്ജിമ മുഴുവനാക്കി പ്രസിദ്ധപ്പെടുത്തണം എന്നും മേലാൽ ഇംഗ്ലീഷ പുസ്തകം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ ഒരു മാസത്തിനകം മലയാളത്തിലും അതിനെ പ്രസിദ്ധപ്പെടുത്തുന്നതിന് ആജ്ഞാപിക്കണം എന്നും ഞാൻ അപേക്ഷിക്കുന്നു.

കഴിഞ്ഞതവണ നടന്ന സെൻസസ്സിനെപ്പറ്റിയുള്ള റിപ്പോർട്ട് ഈ സഭയിൽ ഞങ്ങൾക്കു കിട്ടിയിരിക്കുന്നു. ഇതിൽ നിന്ന് അനേകംതരത്തിലുള്ള കാര്യങ്ങൾ ഞങ്ങൾക്കു ഗ്രഹിക്കാനുണ്ട്. ഇതിന്റെ തർജ്ജിമയും വേഗത്തിൽ കിട്ടേണ്ടിയിരിക്കുന്നു. ക്ര ന്നു മാണ്ടും ക്ര വന്നു-മാണ്ടും നടന്ന സെൻസസ് റിപ്പോർട്ടുകൾ മലയാളത്തിലും പ്രസിദ്ധപ്പെടുത്തീട്ടുണ്ടായിരുന്നു. ഇത്തവണ സെൻസസ് കമിഷണർ ഇതിനെപ്പറ്റി ചിന്തിക്കാതിരുന്നിട്ടില്ല. അദ്ദേഹം അയച്ച നിർദ്ദേശങ്ങൾ ഹജൂരിൽ തീച്ചയ്യായി കിടക്കുന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഇവയെല്ലാം ഗസറിൽ പ്രസിദ്ധപ്പെടുത്താൻ കഴിയുമെങ്കിൽ ജനങ്ങൾക്കു വലുതായ അനുഗ്രഹമായിരിക്കും എന്നുള്ളതിനാൽ അങ്ങനെയും ചെയ്യണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. T. KUMARA PILLAI: പബ്ലിക്കു കാര്യങ്ങളിൽ നാട്ടുഭാഷയ്ക്കു പൂർവ്വസ്ഥിതിയിലുള്ള സ്ഥാനം കൊടുക്കുന്നതിനുവേണ്ടി ഗവർൺമെൻറിന്റെ എല്ലാ പ്രസിദ്ധീകരണങ്ങളിലും മലയാളത്തിനും കൂടെ ഉണ്ടായിരിക്കണമെന്നും മലയാളം അറിയാൻ പാടില്ലാത്ത അവസരങ്ങളിലൊഴികെ ഗവർൺമെൻറിന്റെ എല്ലാ എഴുത്തുകുത്തുകളും മലയാളത്തിലായിരിക്കണമെന്നും മിസ്റ്റർ ത്രിവിക്രമർ വാസുദേവർ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ജനങ്ങളുടെ ഇടയിൽ നാട്ടുഭാഷാവിദ്യാഭ്യാസത്തെ പ്രചരിപ്പിക്കുന്ന സംഗതിയിൽ ഗവർൺമെൻറു വേണ്ടുപോലെ ശ്രദ്ധകാണിച്ചുവരുന്നുണ്ടെന്നുള്ളതു സമ്മതിക്കാവുന്നതാണ്. ഗവർൺമെൻറ് ഒരു വഴിയിൽ നാട്ടുഭാഷയെ പ്രോത്സാഹിപ്പിക്കയും മറെറാരുവഴിയിൽ സ്വല്പകാലമായി അതിനെ ക്ഷയിപ്പിച്ചുവരികയും ചെയ്യുന്നു. നാട്ടുഭാഷാവിദ്യാഭ്യാസത്തിനു നിലയും വിലയും ഉണ്ടായിരിക്കണമെങ്കിൽ ആ ഭാഷയിൽതന്നെ ഭരണകാര്യസംബന്ധമായ എഴുത്തുകുത്തുകൾ ഗവർൺമെൻറു സ്വീകരിച്ചിരിക്കേണ്ടതാണ്. അനേകകാലമായി മലയാളത്തിൽ നടന്നുവന്നിരുന്നതായ എഴുത്തുകുത്തുകൾ ഇംഗ്ലീഷ് ഭാഷയിലായി തീർന്നിരിക്കുന്നു. ഇപ്പോൾ നാട്ടുഭാഷയിൽ എഴുത്തുകുത്തുകൾ ഉണ്ടോ എന്നു സംശയമായിരിക്കുന്നു. ഉള്ളതായി പറയുന്നതിനു നാട്ടുഭാഷാവിദ്യാലയങ്ങളിലേക്കുള്ള എഴുത്തുകുത്തുകളെ പരിശോധിച്ചാൽ മതിയാകുന്നതാണ്. നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെല്ലാം ഇംഗ്ലീഷ് ഭാഷ അറിയാവുന്നവരായിരിക്കാൻ ഇടയില്ല. സ്കൂൾലീവിങ്ങ് പരീക്ഷാവിജയികൾക്കു രക്ഷ പ്രാപിക്കാനുള്ള പ്രധാനസ്ഥലം പ്രാഥമികവിദ്യാലയങ്ങളാണ്. ഇവരെക്കൊണ്ടു നിറഞ്ഞിരിക്കുന്ന വിദ്യാലയങ്ങളിലേക്കു മേലാവിൽനിന്നും അയക്കുന്ന എഴുത്തുകൾ മിക്കവാറും ഇംഗ്ലീഷ് ഭാഷയിലായിത്തീർന്നിരിക്കുന്നു. ആൺപള്ളിക്കൂടങ്ങളെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷിൽ കിട്ടുന്ന എഴുത്തുകളെ ആ ഭാഷ അറിയാവുന്നവരെ തിരക്കിപ്പിടിച്ചു് അവരിൽനിന്നും കാര്യം മനസ്സിലാക്കാവുന്നതാണ്. പെൺപള്ളിക്കൂടങ്ങളിലുള്ള ആൺവാദ്ധ്യാന്മാരെ മാറ്റി അതിനുപകരം സ്ത്രീകളെത്തന്നെ നിയമിക്കണമെന്നുള്ള നിബന്ധം നടന്നുവരുന്ന ഈ കാലത്തു പെൺപള്ളിക്കൂടങ്ങളിൽ അയക്കുന്ന എഴുത്തുകളും ഇംഗ്ലീഷിലായിത്തീർന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. Kumara Pillai.]

അവർ എന്തുചെയ്യുമെന്ന അറിയുന്നില്ല. അവക്കു മേലാവിൽ നിന്നും കിട്ടുന്ന ഇംഗ്ലീഷ് എഴുത്തുകളെക്കൊണ്ടുനടന്നു കായ്യം മനസ്സിലാക്കാൻ സാധിക്കുന്നതല്ല. അതിലേക്ക് അവരെ ഗവർൺമെൻറിന്റെ അറിവോട്ടുകൂടി അനുവദിക്കാൻ പാടില്ലാത്തതുമാണ്. ഈ ബുദ്ധിമുട്ടുകളെ പരിഹരിക്കുന്നതിനുവേണ്ടി പ്രാഥമികവിദ്യാലയങ്ങളിലും ഇംഗ്ലീഷ്പരീക്ഷാവിജയികളായ അദ്ധ്യാപകന്മാരെ നിയമിക്കാമെന്നു ഗവർൺമെൻറു വിചാരിക്കുന്ന എങ്കിൽ അതു നാട്ടഭാഷാപരീക്ഷാവിജയികൾക്കു രക്ഷയായുള്ള ഒരു പ്രധാനമാർഗ്ഗത്തെ അന്യായമായി തടയുകയാണെന്നു പറയുന്നതിൽ എനിക്കു മടിതോന്നുന്നില്ല. ദേവസ്വം ഡിപ്പാർട്ടുമെൻറിൽ പോലും പലേ എഴുത്തുകുത്തുകളും ഇംഗ്ലീഷ്ഭാഷയിലാണ് നടത്തിപ്പോരുന്നത്. അവിടെയുള്ള എഴുത്തുകുത്തുകൾ പല കാരണങ്ങളാലും മലയാളത്തിലായിരിക്കേണ്ടതാണ്. ദേവസ്വംവകുപ്പിലുള്ള താഴ്ന്നതരംജീവനക്കാരുടെ ശമ്പളങ്ങൾ വളരെ കുറവാണ്. ഈ വകുപ്പിൽ ചേരുവാൻ സ്കൂൾലീവിങ്ങ് പരീക്ഷാവിജയികൾക്കു സൌകര്യമുള്ളതും അവക്കു സൌകര്യമുണ്ടാക്കിക്കൊടുക്കേണ്ടതുമാണ്. ദേവസ്വം ഡിപ്പാർട്ടുമെൻറിലും ഇംഗ്ലീഷ് എഴുത്തുകുത്തുകൾ വെച്ചുകൊണ്ടിരിക്കുന്നതായാൽ മലയാളം മാത്രം അറിയാവുന്ന സാധുജീവനക്കാർ അതിൽ വിഷമിക്കാതെ തരമില്ല. ദേവസ്വം കമ്മീഷണർ ആപ്പീസിൽനിന്നും ഗവർൺമെൻറിലേക്കു പോകുന്ന എഴുത്തുകുത്തുകൾ ഒഴികെ ശേഷമെല്ലാം മലയാളഭാഷയിലായിരിക്കേണ്ടതാണ്.

നാട്ടഭാഷാവിദ്യാലയങ്ങളിൽ അഞ്ചുമുതൽ മേല്പോട്ടുള്ള ക്ലാസുകളിലെ വിദ്യാഭ്യാസത്തിന് ഇപ്പോൾ വിലയില്ലാതായിരിക്കുന്നു. എല്ലാ ആപ്പീസുകളിലും, എഴുത്തുകുത്തുകളെല്ലാം ഇംഗ്ലീഷ്ഭാഷാമയമായി തീർന്നിട്ടുള്ളതുകൊണ്ടു സ്കൂൾലീവിങ്ങ് പരീക്ഷാവിജയികൾക്ക് അവിടെ പ്രവേശിക്കാൻ നിവൃത്തിയില്ലാതെ ഇരിക്കുന്നു. അവർ ശിപായി മുതലായ സാധുവേലകളിൽ പ്രവേശിച്ചു തുടങ്ങിയിരിക്കുന്നു. നാട്ടഭാഷയോടുള്ള ഈ നയം ഗവർൺമെൻറു സാധുകാലംകൂടി ഇങ്ങനെതന്നെ അനുവർത്തിച്ചുപോരുന്നതായാൽ നാട്ടഭാഷാവിദ്യാലയങ്ങളിലെ ഉയർന്ന ക്ലാസുകളിൽ വിദ്യാർത്ഥികൾ വളരെ കുറഞ്ഞുപോകുമെന്നുള്ളതിൽ സംശയമില്ലാത്തതാണ്. സ്കൂൾലീവിങ്ങ് പരീക്ഷാവിജയംകൊണ്ടു പബ്ലിക്ക് സർവ്വീസിലെ പ്രവേശനത്തിനു യോഗ്യതകൾ മതിയാകയില്ലെന്നു വിചാരിക്കുന്നപക്ഷം നാട്ടഭാഷയിൽ ഉൽകൃഷ്ടവിദ്യാഭ്യാസം ഏർപ്പെടുത്തി അതിലെ പരീ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷാവിജയികൾക്കു വേണ്ടപോലെ ഉദ്യോഗങ്ങൾ കൊടുത്തു പ്രോത്സാഹിപ്പിക്കുകയൊ അതല്ലാത്തപക്ഷം സ്ക്രൂട്ടിനിവിങ്ങ് പരീക്ഷയെ നിറുത്തിക്കളകയൊ ചെയ്യുന്നതു നന്നായിരിക്കുമെന്നാണ് തോന്നുന്നത്. ഗവർൺമെൻറുവക എഴുത്തുകുത്തുകൾ നാട്ടുഭാഷയിലാക്കുന്നതായാൽ അതിന്റെ ദുരിതാവസ്ഥ താനെ നീങ്ങിപ്പോകുന്നതാണ്.

